(ഡി) മൺസൂണിന്റെ ആരംഭത്തിനുമുൻപ് ടി റോഡിന്റെ ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചു. 3-3-2015 മുതൽ ബി.സി. പ്രവൃത്തി ചെയ്യുന്നുണ്ട്. ഈ പ്രവൃത്തി M/s. Sanathan Infrastructures & Developers-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

പരിയാരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

286 (1330) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ഡിസൈൻ ലഭിച്ചത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

സംസ്ഥാന കൺസ്യൂമർ കോർപ്പറേഷന്റെ മരാമത്ത് പണികൾ

287 (1331) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൺസ്യൂമർ കോർപ്പറേഷന്റെ പൂർത്തീകരിക്കാത്ത എത്ര മരാമത്ത് പണികൾ നിലവിലുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പണികൾ കോർപ്പറേഷൻ കരാറുകാർക്ക് മറിച്ചു നൽകിയിട്ടുണ്ട് ; ഇതിന്റെ ആകെ അടങ്കൽ തുകയെത്ര ; എത്ര പണികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നു ; ഇതിന്റെ അടങ്കൽ തുകയെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കരാറുകാർക്ക് പണി മറിച്ചുനൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; ഈ വ്യവസ്ഥകളുടെ ഫലമായി എത്ര തുക കോർപ്പറേഷന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത് ; ഇളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly